**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4873** **01-11-2021 - ൽ മറുപടിയ്ക്ക്**

**സ്കോൾ കേരളയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ്ങ് എഡ്യൂക്കേഷൻ-കേരളയുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ അദ്ധ്യയന വർഷം വിദ്യാഭ്യാസ മേഖലയിൽ സ്കോൾ കേരള നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | 2020-21 അധ്യയന വർഷം സ്കോൾ -കേരള മുഖേന ഹയർ സെക്കന്ററി ഓപ്പൺ റെഗുലർ, പ്രൈവറ്റ് വിഭാഗങ്ങളിൽ സംസ്ഥാനത്താകെ 48884 വിദ്യാർത്ഥികൾക്ക് സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് വിഷയ കോമ്പിനേഷനുകളിലായി ഒന്നാം വർഷ പ്രവേശനം അനുവദിച്ചിട്ടുണ്ട്.വൊക്കേഷണൽ ഹയർസെക്കന്ററി റെഗുലർ കോഴ്സിന് (ബി) ഗ്രൂപ്പ് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കുന്നതിന് 754 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. റെഗുലർസ്കൂൾ/സ്കോൾ-കേരള (ഓപ്പൺസ്കൂൾ) മുഖേന ഹയർസെക്കന്ററി ഒന്നാം വർഷപഠനം പൂർത്തിയാക്കി രണ്ടാംവർഷപഠനം മുടങ്ങിയവർക്ക് നിബന്ധനകൾക്ക് വിധേയമായി രണ്ടാംവർഷം മാത്രമായി രജിസ്റ്റർചെയ്ത് ഹയർസെക്കന്ററി കോഴ്സ് പൂർത്തിയാക്കുന്നതിന് 85 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. റെഗുലർ പഠനത്തോടൊപ്പം സമാന്തരമായി തൊഴിലധിഷ്ഠിത കോഴ്സായ ഡി.സി.എ(ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) പഠിക്കുന്നതിന് 1205 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. ഒരു സബ്ജക്ട് കോമ്പിനേഷനിൽ ഹയർ സെക്കന്ററി കോഴ്സ് വിജയിച്ചവർക്ക് പഠിച്ച കോഴ്സ് റദ്ദ് ചെയ്യാതെ മറ്റൊരു സബ്ജക്ട് കോമ്പിനേഷൻ തിരഞ്ഞെടുത്തു പഠിക്കാനുള്ള അവസരം നൽകുന്ന ഹയർ സെക്കന്ററി -സ്പെഷ്യൽ കാറ്റഗറി (പാർട്ട്3) വിഭാഗത്തിൽ സംസ്ഥാനത്താകെ 6 വിദ്യാർത്ഥി കൾക്ക് പ്രവേശനം അനുവദിച്ചു. ഹയർസെക്കന്ററി ഓപ്പൺ റെഗുലർ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ഒട്ടാകെ 33 ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളുകൾ പഠന കേന്ദ്രങ്ങളായും, പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് 424 ഗവൺമെന്റ്/ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ പരീക്ഷാകേന്ദ്രമായും അനുവദിച്ചു. അഡീഷണൽ മാത്തമാറ്റിക്സ് വിദ്യാർത്ഥികൾക്ക് സംസ്ഥാനത്താകെ 18 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഡി.സി.എ. വിദ്യാർത്ഥികൾക്ക് 38 ഗവൺമെന്റ്/ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളും പഠനകേന്ദ്രങ്ങളായി അനുവദിച്ചു.ഹയർസെക്കന്ററി ഓപ്പൺ, റെഗുലർ, ഡി.സി.എ വിദ്യാർത്ഥികൾക്ക് പഠനം സുഗമമാക്കുന്നതിന് ലളിതമായ ഭാഷയിൽ തയ്യാറാക്കിയ സ്വയംപഠന സഹായികൾ സമയബന്ധിതമായി വിതരണം ചെയ്തു.ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഫോക്കസ് ഏര്യ അടിസ്ഥാനമാക്കി ഓൺലൈൻ ക്ലാസ്സുകൾ നൽകി.വി.എച്ച്.എസ്.ഇ., ഡി.സി.എവിദ്യാർത്ഥി കൾക്കും ഇപ്രകാരം ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഹയർ സെക്കന്ററി രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി ഹയർസെക്കന്ററി അദ്ധ്യാപകരും എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി മാരും ചേർന്ന് ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ് സോഷ്യോളജി,അറബിക്,ഹിസ്റ്ററി, ഇക്കണോമിക്സ്, മലയാളം എന്നീ വിഷയങ്ങളിലെ പ്രധാന പാഠഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള വീഡിയോ ക്ലാസ്സുകൾ റെക്കാർഡുചെയ്ത് സ്കോൾ കേരളയുടെ യൂട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തിട്ടുണ്ട്.സ്കോൾ കേരള മുഖേന ഹയർ സെക്കന്ററി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളെ പൊതുപരീക്ഷയ്ക്ക് സജ്ജരാക്കുന്നതിന്റെ ഭാഗമായി പൊതുവായി വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായി സഹകരിച്ച് കൗൺസിലിംഗ് വീഡിയോ ക്ലാസുകൾ ചിത്രീകരിച്ച് സ്കോൾ കേരളയുടെ യുട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. കൈറ്റ് - വിക്ടേഴ്സ് ചാനൽവഴി ഹയർ സെക്കന്ററി സംപ്രേഷണം ചെയ്ത വീഡിയോ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് ക്ലാസ്സു കളുടെ ടൈംടേബിൾ സഹിതം സ്കോൾ കേരള വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | കോവിഡാനന്തരം വിദ്യാർത്ഥികൾക്ക് സ്കോൾ കേരള നൽകുവാനുദ്ദേശിക്കുന്ന പഠന പിന്തുണ | (സി) | കോവിഡ്-19പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓൺലൈൻ,ഓഫ് ലൈൻ സമ്പർക്ക ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | സംഘടിപ്പിക്കുന്നതിന് സ്വയം പഠന സഹായികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വിവിധ കോഴ്സുകൾക്ക് പ്രഗല്ഭരായ അധ്യാപകരുടെ സേവനം വിനിയോഗിച്ച് വീഡിയോ ക്ലാസ്സുകൾ ചിത്രീകരിച്ച് സംപ്രേഷണം ചെയ്യുന്നതിനും മോട്ടിവേഷൻ വീഡിയോ ക്ലാസ്സുകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ എന്നിവ യഥാസമയം സംപ്രേഷണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | സ്വയം പഠന സഹായികൾ ഹയർ സെക്കൻഡറിയിലെ വിദ്യാർത്ഥികൾക്ക് കൂടി നൽകുന്നതിനും മൊഡ്യൂളുകൾ മലയാളത്തിലും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | സ്വയം പഠന സഹായികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| (ഇ) | ആകർഷകമായ പുതിയ കോഴ്സുകൾ ആരംഭിച്ച് കൂടുതൽ വിദ്യാർത്ഥികൾക്ക് ഉപരിപഠനാവസരം ഒരുക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കാമോ? | (ഇ) | വിദ്യാർത്ഥികൾക്ക് നിലവിൽ ഹയർ സെക്കന്ററി കോഴ്സുകളും ഡി.സി.എ കോഴ്സുമാണ് സ്കോൾ കേരള നടത്തിവരുന്നത്. പുതിയ ആകർഷകമായ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ